പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*589 — 23-05-2017-ലെ മറുപടിയ്ക്ക്

# കേരളാ അഗ്രിബിസിനസ്സ് കമ്പനി രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.എൽദോ എബ്രഹാം**<br>**ശ്രീമതി സി.കെ. ആശ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കേരളാ അഗ്രിബിസിനസ്സ് കമ്പനി രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | **(എ)** ഉണ്ട്. കർഷകരെ വിപണിയുമായി ബന്ധപ്പെടുത്തുന്നതിനും, കൃഷിയിൽ നിന്നും കാർഷിക വ്യവസായത്തിലേക്കുള്ള മാറ്റത്തിന് സഹായിക്കുന്നതിനും, മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി കേരള അഗ്രോ ബിസിനസ്സ് കമ്പനി (KABCO) സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. സ്വതന്ത്രവും തൊഴിൽപരമായ മേൽനോട്ടം വഹിക്കുന്നതിനുമുള്ള 'സ്പെഷ്യൽ പർപസ് വെഹിക്കിൾ' ആയി ഇന്ത്യൻ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന ഈ കമ്പനി കേരളത്തിലെ കാർഷിക സംസ്കരണ മേഖലയ്ക്ക് ഒരു പുത്തനുണർവ്വ് നൽകുമെന്ന് പ്രതീക്ഷിക്കുന്നു. അഗ്രോ പാർക്കുകൾ, അഗ്രോ മാളുകൾ, അഗ്രോ ബസാറുകൾ എന്നിവയുടെ സ്ഥാപനം, കേരളത്തിൽ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, നാണ്യവിളകൾ മുതലായവയുടെ പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ വിപണനം ഇതുവഴി സാധ്യമാക്കുന്നതാണ്. സർവ്വേകൾ, സാധ്യതാ പഠനങ്ങൾ ഏറ്റെടുക്കുക, പുതിയ വിപണികൾ കണ്ടെത്തുക, വിവര സാങ്കേതിക വിദ്യ പോർട്ടൽ, ഇ-കൊമേഴ്സ്, ഐ.വി.ആർ.എസ്. സിസ്റ്റം എന്നിവ നടപ്പിലാക്കുക മുതലായ പ്രവർത്തനങ്ങളും കേരള അഗ്രോ ബിസിനസ്സ് കമ്പനി മുഖേന ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നു. |
| **(ബി)** കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിന് മറ്റെന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുവെന്ന് അറിയിക്കുമോ; | **(ബി)** കാർഷിക വിളകളുടെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിന് എസ്.എഫ്.എ.സി. മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പായ്ക്കിംഗ്, ബ്രാന്റിംഗ്, വിപണനം തുടങ്ങിയവയിലെല്ലാം സംരംഭകരെ |

സഹായിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പായ്ക്കേജിംഗ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ്, ആനന്ദ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി സംരംഭകർക്ക് പായ്ക്കിംഗ്, ബ്രാന്റിംഗ്, വിപണനം എന്നിവയുടെ നൂതന മാർഗ്ഗങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ എസ്.എഫ്.എ.സി. മുഖേന നടപ്പിലാക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിൽ പരിശീലനം നേടിയ വിദഗ്ധരെ സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുള്ള കൺസൾട്ടന്റുമാരായി നിയമിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

**(സി)** കൃഷി വകുപ്പിന്റെ നിലവിലെ പദ്ധതികൾ മൂല്യവർദ്ധനവിന് സഹായകരമായ രീതിയിൽ പുനരാവിഷ്കരിക്കുമോ?

**(സി)** 2017-18 സാമ്പത്തിക വർഷം 'മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, തേൻ ഉല്പാദനം, അഗ്രോ ബിസിനസ്സ് കമ്പനി' എന്നിവയ്ക്കായി ആകെ 2700.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ മൂല്യവർദ്ധനവ് യൂണിറ്റുകൾക്ക് (ചെറുകിട/ ഇടത്തരം യൂണിറ്റുകൾ, വ്യക്തിഗത/ സ്വയംസഹായ സംഘങ്ങൾ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്ത് തലത്തിലെ യൂണിറ്റുകൾ, സർക്കാർ/ പൊതുമേഖല/ സഹകരണ തലത്തിലെ യൂണിറ്റുകൾ) സഹായം, പുതിയ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കൽ, ഗവേഷണ സ്ഥാപനങ്ങൾക്ക് മൂല്യവർദ്ധനവ് മേഖലയിൽ സാങ്കേതിക വിദ്യ സ്ഥടം ചെയ്യുന്നതിനുള്ള സഹായം, തേനുല്പാദനം, സംസ്കരണം, അഗ്രോ ബിസിനസ് കമ്പനി സ്ഥാപിക്കൽ, സംരംഭകർക്ക് സാങ്കേതിക വികസനത്തിനുള്ള സഹായം, നീര സംസ്കരണ പ്രോജക്ടുകൾക്ക് സഹായം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

2017-18 വർഷത്തിൽ നൂതന പദ്ധതികളായ 'പ്രത്യേക കാർഷിക മേഖലകളിൽ' നെല്ല്, പച്ചക്കറി, തെങ്ങ്, വാഴ, പുഷ്പകൃഷി എന്നീ പ്രധാന വിളകളേയും ആദിവാസി മേഖലയിലെ കൃഷി എന്നിവയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലകളിൽ വിത്ത് വിതരണം മുതൽ വിളവെടുപ്പും ഉല്പന്ന സംസ്കരണവും മൂല്യവർദ്ധനവും, വിപണന സംവിധാനവും അതാത് മേഖലയിൽ തന്നെ സജ്ജീകരിക്കുന്ന രീതിയിലുള്ള വിവിധ പ്രവർത്തനങ്ങളുടെ സംയോജനമാണ് ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**